സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 60 | ലക്കം: 176 | 2025 ഒക്ടോബർ 20 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com


## കെ സുധാകരന് ദേഹാസ്വാസ്ഥ്യം; തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

തൃശൂർ: കെപിസിസി മുൻ അദ്ധ്യക്ഷനും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ സുധാകരന് ദേഹാസ്വാസ്ഥ്യം. തൃശൂർ സൺ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. തലകറക്കം അനുഭവപ്പെട്ടതിനെ തുടർന്നാണ് ചികിത്സയ്ക്ക് വിധേയമാക്കിയത്. കെപിസിസി അദ്ധ്യക്ഷൻ സണ്ണി ജോസഫിന്റെ ബന്ധുവിന്റെ മകളുടെ വിവാഹത്തിന് പങ്കെടുക്കാൻ തൃശൂരിലെത്തിയതായിരുന്നു അദ്ദേഹം. ആശുപത്രിയിലെ ജനറൽ മെഡിസിൻ, ന്യൂറോളജി വിഭാഗത്തിലെ ഡോക്ടർമാരാണ് സുധാകരനെ പരിശോധിക്കുന്നത്. എംആർഐ സ്കാനെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പരിശോധനാഫലം വരുന്നതിനനുസരിച്ച് തുടർചികിത്സ നൽകുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ട്.

# ഇൻഡ്യ സഖ്യത്തിൽ ഭിന്നത തുടരുന്നു

## 143 സീറ്റിലേക്ക് സ്ഥാനാർഥികളെ പ്രഖ്യാപിച്ച് ആർ.ജെ.ഡി



പട്ന: ബിഹാർ നിയമസഭ തെരഞ്ഞെടുപ്പിൽ ഇൻഡ്യ സഖ്യത്തിൽ സീറ്റ് വിഭജനത്തെ ചൊല്ലിയുള്ള തർക്കങ്ങൾ തുടരവെ, 143 സ്ഥാനാർഥികളുടെ പട്ടിക പുറത്തുവിട്ട് രാഷ്ട്രീയ ജനതാ ദൾ (ആർ.ജെ.ഡി). ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ് രഘോപൂർ മണ്ഡലത്തിലാണ് മത്സരിക്കുന്നത്. നവംബർ ആറ്, 11 തീയതികളിലായി രണ്ട് ഘട്ടങ്ങളിലായാണ് ബിഹാറിൽ നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്നത്. നവംബർ 14ന് ഫലമറിയാം.

243 അംഗ നിയമസഭയിൽ 121 സീറ്റുകളിലേക്കാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. ആദ്യഘട്ടത്തിലേക്ക് ഇതുവരെ 1375 നോമിനേഷനുകളാണ് ലഭിച്ചിട്ടുള്ളത്. ഇന്ന് മൂന്നുമണിയോടെ നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയം അവസാനിക്കും. ഞായറാഴ്ച രാത്രി കോൺഗ്രസ് 54 സീറ്റുകളിലേക്കുള്ള സ്ഥാനാർഥികളെ പ്രഖ്യാപിച്ചിരുന്നു. വികാസ്ശീൽ ഇൻസാൻ പാർട്ടി 15 സീറ്റുകളിലേക്കും സ്ഥാനാർഥികളെ പ്രഖ്യാപിച്ചു.

കഴിഞ്ഞ ദിവസം തെരഞ്ഞെടുപ്പിൽ സീറ്റ് ലഭിക്കാത്തതിനെ തുടർന്ന് നാടകീയ രംഗങ്ങൾക്കാണ് ബിഹാർ സാക്ഷ്യം വഹിച്ചത്. ടിക്കറ്റ് ലഭിക്കാതിരുന്ന ആർ.ജെ.ഡി നേതാവ് മദൻ ഷാ ലാലുപ്രസാദ് യാദവിന്റെ വസതിക്ക് മുന്നിൽ നിന്ന് പൊട്ടിക്കരയുകയും ധരിച്ചിരുന്ന കുർത്ത വലിച്ചുകീറുകയുമായിരുന്നു. പൊതുജന മധ്യത്തിൽ രോഷവും നിരാശയും പ്രകടിപ്പിക്കാൻ മദൻ ഷാ നടുറോഡിൽ കിടക്കുന്ന വിഡിയോയും സമൂഹ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

വൻതോതിൽ പണം വാങ്ങിയാണ് പലരും മത്സരിക്കാൻ സീറ്റ് തരപ്പെടുത്തിയതെന്നും മദൻ ഷാ ആരോപിച്ചു. പണം നൽകാത്തതു കൊണ്ടാണ് തനിക്ക് സീറ്റ് ലഭിക്കാതിരുന്നതെന്നും മദൻ ഷാ വിമർശനമുയർത്തുകയും ചെയ്തു.

## പിടിച്ചെടുത്ത ലാൻഡ് റോവർ തിരിച്ചുപിടിച്ച് ദുൽഖർ, പക്ഷേ നിരവധി നിബന്ധനകൾ



കൊച്ചി: ഓപ്പറേഷൻ നുംഖോറിന്റെ ഭാഗമായി നടൻ ദുൽഖർ സൽമാനിൽ നിന്ന് പിടിച്ചെടുത്ത കാർ കസ്റ്റംസ് കഴിഞ്ഞ ദിവസം വിട്ടുനൽകിയിരുന്നു. ദുൽഖർ സൽമാന്റെ വാഹന ശേഖരത്തിലുണ്ടായിരുന്ന ലാൻഡ് റോവർ വാഹനമാണ് വിട്ടുനൽകിയത്. ഹൈക്കോടതി നിർദേശമനുസരിച്ച് ദുൽഖർ നൽകിയ അപേക്ഷയെ തുടർന്നാണ് വാഹനം വിട്ടുനൽകിയത്.

സേഫ് കസ്റ്റഡിയിലാണ് വാഹനം നടന് വിട്ടുനൽകിയിരിക്കുന്നത്. കേസ് കഴിയുന്നത് വരെ ഈ ലാൻഡ് റോവർ ഡിഫൻഡർ നിരത്തുകളിൽ ഇറക്കാൻ സാധിക്കില്ല. ബോണ്ടിന്റെയും 20 ശതമാനം ബാങ്ക് ഗാരന്റിയുടേയും അടിസ്ഥാനത്തിലാണ് വാഹനം വിട്ടുനൽകിയത്. അന്വേഷണം പുരോഗമിക്കുന്നതിനാൽ തന്നെ ഈ വാഹനം കേരളത്തിന് പുറത്ത് കൊണ്ടുപോവരുത്, ആവശ്യപ്പെട്ടാൽ ഹാജരാക്കണം തുടങ്ങിയ നിബന്ധനകളുമുണ്ട്.

രണ്ടുഘട്ടങ്ങളിലായി നടത്തിയ പരിശോധനയിൽ ദുൽഖറിന്റെ മൂന്നുവാഹനങ്ങളാണ് പിടിച്ചെടുത്തത്. ആദ്യത്തെ പരിശോധനയിലാണ് ലാൻഡ് റോവർ പിടിച്ചെടുത്തത്. ഈ കാർ വിട്ടുകിട്ടണമെന്ന ആവശ്യവുമായി ദുൽഖർ കോടതിയെ സമീപിച്ചിരുന്നു. അപ്പോൾ കസ്റ്റംസിനെ സമീപിക്കാനായിരുന്നു കോടതിയുടെ നിർദ്ദേശം. ദുൽഖറിന്റെ അപേക്ഷ പരിഗണിക്കണമെന്ന് കോടതി കസ്റ്റംസിനും നിർദ്ദേശം നൽകിയിരുന്നു. അപേക്ഷ പരിഗണിച്ച് ഉപാധികളോടെ വാഹനങ്ങൾ വിട്ടുകൊടുക്കാൻ കസ്റ്റംസ് നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതുപ്രകാരം ദുൽഖറിന്റെ അപേക്ഷ പരിഗണിച്ച് കസ്റ്റംസ് അഡീഷണൽ കമ്മീഷണറാണ് വാഹനം വിട്ടുകൊടുക്കാൻ തീരുമാനിച്ചത്.

## 6 സ്ഥാനാർഥികളെ കൂടി പ്രഖ്യാപിച്ച് കോൺഗ്രസ്

പട്ന: നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയം തൊട്ടടുത്തെത്തിയിട്ടും മഹാഗഡ്ബന്ധൻ സഖ്യത്തിലെ സീറ്റ് വിഭജനത്തിലെ അനിശ്ചിതത്വം തുടരുന്നു. ഇന്ന് കോൺഗ്രസ് ആറ് സ്ഥാനാർഥികളെ കൂടി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതോടെ പാർട്ടി ഇതുവരെ പ്രഖ്യാപിച്ച സ്ഥാനാർഥികളുടെ എണ്ണം 60 ആയി. ഏറ്റവും പുതിയ പട്ടികയനുസരിച്ച് സുരേന്ദ്ര പ്രസാദിനെ വാൽമീകി നഗറിൽ നിന്ന് മത്സരിപ്പിക്കും. ആബിദു റഹ്മാൻ അറാറിയ മണ്ഡലത്തിൽ നിന്നും ജലീൽ മസ്താൻ അമൂറിൽ നിന്നും ജനവിധി തേടും. തൗഖീർ ആലം (ബരാരി), പ്രവീൺ സിങ് കുശ്വാഹ(കഹൽഗാവോൺ), വിനോദ് ചൗധരി(സിക്കന്ത്ര)എന്നിവരും പുതിയ പട്ടികയിലുണ്ട്. കോൺഗ്രസിന്റെ നാലാം ഘട്ട സ്ഥാനാർഥി പട്ടികയാണ് പുറത്തുവന്നിരിക്കുന്നത്.

ആർ.ജെ.ഡിയുമായും മറ്റ് സഖ്യകക്ഷികളുമായുള്ള സീറ്റ് വിഭജനം അനന്തമായി നീണ്ടതോടെ കഴിഞ്ഞ ദിവസം അർധരാത്രിയോടെയാണ് കോൺഗ്രസ് സ്ഥാനാർഥികളുടെ പട്ടിക പുറത്തുവിട്ടത്. രണ്ടാംഘട്ടത്തിലേക്ക് തിങ്കളാഴ്ച മൂന്ന് മണിക്കകം നാമനിർദേശ പത്രിക സമർപ്പിക്കണം. പാർട്ടി ചിഹ്നങ്ങൾ വിതരണം ചെയ്യാനുള്ള തിരക്കിലാണ് ആർ.ജെ.ഡിയും കോൺഗ്രസും.

വ്യാഴാഴ്ച 48 സ്ഥാനാർഥികളുടെ പട്ടികയാണ് കോൺഗ്രസ് പുറത്തുവിട്ടത്. തൊട്ടുപിന്നാലെ ഘട്ടംഘട്ടമായി കുറച്ചു സ്ഥാനാർഥികളെ കൂടി പ്രഖ്യാപിക്കുകയുണ്ടായി.

നവംബർ ആറ്, 11 തീയതികളിലായി രണ്ട് ഘട്ടങ്ങളിലായാണ് ബിഹാറിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. നവംബർ 14ന് ഫലം പ്രഖ്യാപിക്കും.

## ഇന്ന് ദീപാവലി

തൃശ്ശൂർ: ഇന്ന് ദീപാവലി ആഘോഷിക്കുന്നു. ദീപാലങ്കാരങ്ങൾ കൊണ്ട് ആഘോഷിക്കുന്ന ഒരു ഉത്സവമാണ് ദീപാവലി അഥവാ ദീവാലി. തുലാമാസത്തിലെ അമാവാസി ദിവസമാണ് ദീപാവലി ആഘോഷിക്കുന്നത്. തമസോമ ജ്യോതിർഗമയ എന്ന വേദവാക്യം - ഇരുളിന്റെ മേൽ വെളിച്ചത്തിനുള്ള പ്രാധാന്യം അഥവാ തിൻമയ്ക്ക് മേൽ നന്മയുടെ വിജയമാണ് ഈ ഉത്സവത്തിന്റെ സന്ദേശം. എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഈ ഉത്സവം ആഘോഷിക്കാറുണ്ട്. ഹൈന്ദവ വിശ്വാസപ്രകാരം പാലാഴിയിൽ നിന്നുള്ള മഹാലക്ഷ്മിയുടെ അവതാര ദിവസമായി ദീപാവലി കണക്കാക്കുന്നു.

## ഐഎൻഎസ് വിക്രാന്ത് പാകിസ്ഥാന്റെ ഉറക്കം കെടുത്തി; നാവിക സേനയോടൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി



കാർവാർ: ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച വിമാനവാഹിനി കപ്പലായ ഐഎൻഎസ് വിക്രാന്തിൽ നാവിക സേനയോടൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കപ്പലിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഐഎൻഎസ് വിക്രാന്ത് പാകിസ്ഥാനിൽ ഭയം ജനിപ്പിച്ചെന്നും, ഇത് അവർക്ക് ഉറക്കമില്ലാത്ത രാത്രികൾ സമ്മാനിച്ചെന്നും പ്രധാനമന്ത്രി പറഞ്ഞു.

'ഐഎൻഎസ് വിക്രാന്ത് എന്ന പേര് കേട്ടാൽ തന്നെ പാകിസ്ഥാന്റെ ഉറക്കം നഷ്ടപ്പെടും. അതിന്റെ പേരിന് പോലും ശത്രുവിന്റെ ധൈര്യം കെടുത്താൻ കഴിയുമെങ്കിൽ അതാണ് ഐഎൻഎസ് വിക്രാന്ത്, പ്രധാനമന്ത്രി നാവികസേനാംഗങ്ങളെ അഭിസംബോധന ചെയ്യവെ പറഞ്ഞു. ഗോവയുടെയും കാർവാറിന്റെയും തീരത്ത് നിലയുറപ്പിച്ചിട്ടുള്ള ഐഎൻഎസ് വിക്രാന്തിൽ രാജ്യത്തിന്റെ ധീരരായ നാവികരുമായി ദീപാവലി ആഘോഷിക്കാൻ സാധിച്ചത് തന്റെ ഭാഗ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

'ഒരു വശത്ത് സമുദ്രം, മറുവശത്ത് ഭാരതാംബയുടെ ധീരരായ ജവാൻമാരുടെ കരുത്ത്. അമ്പരപ്പിക്കുന്ന അവിസ്മരണീയമായ ദിവസമാണ് ഇന്ന്.' പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ സൈന്യത്തിന്റെ ശക്തിയെ പ്രകീർത്തിച്ചുകൊണ്ട് മോദി ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും പരാമർശിച്ചു. ഇന്ത്യൻ നാവികസേന സൃഷ്ടിച്ച ഭയം, ഇന്ത്യൻ വ്യോമസേന പ്രകടിപ്പിച്ച അത്ഭുതകരമായ വൈദഗ്ദ്ധ്യം, രാജ്യത്തെ കരസേനയുടെ ധീരത, ഈ മൂന്ന് സേനകളുടെയും മികച്ച ഏകോപനമാണ് പാകിസ്ഥാനെ ഇത്രയും വേഗത്തിൽ കീഴടങ്ങാൻ നിർബന്ധിതരാക്കിയതെന്നും മോദി ചൂണ്ടികാണിച്ചു.

'കടലിലൂടെ കുതിച്ചുപായുന്ന ഐഎൻഎസ് വിക്രാന്ത് ഇന്ത്യയുടെ സൈനിക ശക്തിയുടെ പ്രതിഫലനമാണ്. ഇത് വെറുമൊരു യുദ്ധക്കപ്പലല്ല, 21-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ കഴിവിന്റെയും ഇച്ഛാശക്തിയുടെയും സാക്ഷ്യപത്രമാണ്,' മോദി പറഞ്ഞു. 'ഇന്നലെ രാത്രി ഞാൻ ഇവിടെ ചെലവഴിച്ച നിമിഷങ്ങൾ വാക്കുകൾകൊണ്ട് വിവരിക്കാനാവില്ല. നിങ്ങൾക്കെല്ലാവർക്കുമുണ്ടായിരുന്ന ഊർജ്ജവും ആവേശവും ഞാൻ കണ്ടു. നിങ്ങൾ ദേശഭക്തി ഗാനങ്ങൾ ആലപിക്കുകയും നിങ്ങളുടെ പ്രകടനങ്ങളിലൂടെ ഓപ്പറേഷൻ സിന്ദൂർ വിവരിക്കുകയും ചെയ്തപ്പോൾ യുദ്ധക്കളത്തിൽ നിൽക്കുന്ന സൈനികന്റെ വികാരം വാക്കുകൾ കൊണ്ട് പൂർണ്ണമായി പകർത്താൻ കഴിയില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു,' അദ്ദേഹം കൂട്ടിച്ചേർത്തു.

സൈനിക ഉപകരണങ്ങളുടെ കരുത്തിനെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, ഇവയെല്ലാം ശ്രദ്ധേയമാണെങ്കിലും അവ പ്രവർത്തിപ്പിക്കുന്നവരുടെ ധൈര്യമാണ് അവയെ കൂടുതൽ ശക്തമാക്കുന്നതെന്നും പറഞ്ഞു. 'ഈ കപ്പലുകൾ ഇരുമ്പുകൊണ്ട് നിർമ്മിച്ചതാകാം, പക്ഷേ നിങ്ങൾ അതിൽ പ്രവേശിക്കുമ്പോൾ, അവ സായുധ സേനയുടെ ജീവനുള്ള, ശ്വാസമെടുക്കുന്ന ശക്തികളായി മാറുന്നുവെന്നും മോദി പറഞ്ഞു.

## സംസ്ഥാനത്ത് ക്ഷേമ പെൻഷൻ കൂട്ടാൻ ആലോചന; 1800 രൂപയാക്കും

തിരു: സംസ്ഥാനത്ത് ക്ഷേമ പെൻഷൻ 200 വർധിപ്പിക്കാൻ ആലോചന. തദ്ദേശ തെരഞ്ഞെടുപ്പിന് മുമ്പ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായേക്കും. ക്ഷേമ പെൻഷൻ 200 രൂപ കൂട്ടാനുള്ള തീരുമാനം ധനവകുപ്പിന്റെ പരിഗണനയിലാണ്. തീരുമാനം പ്രാബല്യത്തിൽ വന്നാൽ പ്രതിമാസം ലഭിക്കുന്ന ക്ഷേമപെൻഷൻ തുക 1800 രൂപയായി വർധിക്കും. ഇതുസംബന്ധിച്ച് കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപനമുണ്ടാകുമെന്നാണ് സൂചന. നിലവിൽ 62 ലക്ഷത്തോളം പേർക്കാണ്1600 രൂപവീതം ലഭിക്കുന്നത്

ക്ഷേമ പെൻഷൻ 2500 രൂപയാക്കുമെന്നാണ് എൽ.ഡി.എഫിന്റെ പ്രകടന പത്രികയിലുള്ളത്. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്.

അതോടൊപ്പം സർക്കാർ ജീവനക്കാരുടെ ഡി.എ കുടിശ്ശികയുടെ ഒരു പങ്കും നൽകിയേക്കുമെന്നും റിപ്പോർട്ടുണ്ട്. നിലവിൽ സർക്കാർ ജീവനക്കാരുടെ 17ശതമാനം ഡി.എ കുടിശ്ശികയാണ്. 2023ൽ പ്രഖ്യാപിക്കേണ്ടിയിരുന്ന നാലു ശതമാനം കുടിശ്ശികയാണ് അനുവദിക്കാൻ സാധ്യതയുള്ളത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയിൽ രണ്ടു ഗഡുക്കൾ കൂടി നൽകാൻ ബാക്കിയുണ്ട്. അത് പി.എഫിൽ ലയിപ്പിക്കാനാണ് സാധ്യത.

## മദ്യപാനത്തിനിടെ തർക്കം, 58-കാരനെ തലയ്ക്കടിച്ച് കൊന്ന് കെട്ടിടനിർമാണത്തൊഴിലാളി

കൊല്ലം: കൊല്ലം കടയ്ക്കലിൽ മദ്യപാനത്തിനിടെയുണ്ടായ തർക്കത്തിൽ 58-കാരൻ തലയ്ക്കടിയേറ്റ് മരിച്ചു. ആനപ്പാറ സ്വദേശിയായ ശശിയാണ് കൊല്ലപ്പെട്ടത്. പ്രതി രാജു ഒളിവിലാണ്.

സമീപവാസികളാണ് കൂലിപ്പണിക്കാരനായ ശശിയും കെട്ടിട നിർമാണത്തൊഴിലാളിയായ രാജുവും. മദ്യപാനത്തിനിടെ രാജുവും ശശിയും തമ്മിൽ തർക്കമുണ്ടായി. തുടർന്ന് സമീപത്തുണ്ടായിരുന്ന തേക്കിന്റെ തടി ഉപയോഗിച്ച് രാജു ശശിയുടെ തലയ്ക്കടിക്കുകയായിരുന്നു. തുടർന്ന് ശശിയുടെ തല റോഡിൽ ഇടിക്കുകയും ചെയ്തു. തുടർന്ന് രാജു സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടുകയായിരുന്നു.

## രമേശ് ചെന്നിത്തലയുടെ മാതാവ് അന്തരിച്ചു

ആലപ്പുഴ: പ്രതിപക്ഷ നേതാവും കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗവുമായ രമേശ് ചെന്നിത്തലയുടെ മാതാവും മുൻ ചെന്നിത്തല പഞ്ചായത്തംഗവുമായ എൻ. ദേവകിയമ്മ (91) അന്തരിച്ചു. ചെന്നിത്തല തൃപ്പരുന്തുറ കോട്ടൂർ കിഴക്കേതിൽ പരേതനായ വി. രാമകൃഷ്ണൻ നായരാണ് (ചെന്നിത്തല മഹാത്മാ ഹൈസ്കൂൾ മുൻ മാനേജർ, അധ്യാപകൻ) ഭർത്താവ്. മക്കൾ: രമേശ് ചെന്നിത്തല, കെ ആർ രാജൻ (ചെന്നിത്തല മഹാത്മാ ഹൈസ്കൂൾ മുൻ മാനേജർ), കെ. ആർ വിജയലക്ഷ്മി (റിട്ട. ഗവ.അധ്യാപിക), കെ. ആർ പ്രസാദ് (റിട്ട. ഇന്ത്യൻ എയർ ഫോഴ്സ്).

## ബെഞ്ചമിൻ സ്ഥിരം പീഡകൻ, തമിഴ്നാട്ടിൽ നിരവധി ഇരകൾ; കേരളം ഇഷ്ടപ്പെട്ടു

തിരു: കഴക്കൂട്ടം യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിലെ പ്രതിയായ മധുര സ്വദേശി ബെഞ്ചമിൻ അപകടകാരിയെന്ന് പോലീസ്. ആദ്യമായാണ് ബെഞ്ചമിൻ കേരളത്തിൽ എത്തുന്നതെന്നും ഇതിനുമുൻപ് തമിഴ്നാട്ടിൽ പല സ്ത്രീകളേയും ഇയാൾ പീഡിപ്പിച്ചിട്ടുണ്ടെന്നും പോലീസ് പറഞ്ഞു. അതിസാഹസികമായാണ് 35-കാരനായ പ്രതിയെ പോലീസ് പിടികൂടിയത്. പീഡനശ്രമത്തിന് ശേഷം ആറ്റിങ്ങൽ ഭാഗത്തേക്കാണ് ബെഞ്ചമിൻ കടന്നത്. അവിടെനിന്ന് മധുരയിലേക്ക് രക്ഷപ്പെട്ടു. മധുരയിൽ നിന്നാണ് പ്രതിയെ പോലീസ് പിടികൂടിയത്. പ്രതിയെ അതിജീവിത തിരിച്ചറിഞ്ഞു.

താൻ ഒരിക്കലും പിടിക്കപ്പെടില്ലെന്ന് കരുതിയിരുന്നതായി ബെഞ്ചമിൻ പോലീസിനോട് പറഞ്ഞു. കേരളം തനിക്ക് ഇഷ്ടപ്പെട്ടെന്നും ഇനിയും വരാൻ പദ്ധതി ഇട്ടിരുന്നതായും പ്രതിയുടെ വെളിപ്പെടുത്തലുണ്ട്. കേരളത്തിൽ ആദ്യമായാണ് എത്തിയതെന്ന് പ്രതി പറഞ്ഞു. ട്രക്ക് ഡ്രൈവറായ ഇയാൾ തമിഴ്നാട്ടിൽ നിരവധി സ്ത്രീകളെ പീഡിപ്പിച്ചിട്ടുണ്ടെന്ന് പോലീസ് പറയുന്നു. തെരുവിൽ കഴിയുന്ന സ്ത്രീകളെയാണ് താൻ കൂടുതലും പീഡിപ്പിച്ചിട്ടുള്ളതെന്നും ബെഞ്ചമിൻ പറയുന്നു.

രാത്രി രണ്ടുമണിയോടെയാണ് കഴക്കൂട്ടത്തെ ഹോസ്റ്റലിൽ കയറി ഐടി ജീവനക്കാരിയായ യുവതിയെ ബെഞ്ചമിൻ ഉപദ്രവിച്ചത്. ഹോസ്റ്റലിൽ സിസിടിവി ഇല്ലായിരുന്നു. ഹോസ്റ്റൽ പരിസരത്തെയും റോഡിലേയും സിസിടിവി കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലൂടെയാണ് പോലീസ് പ്രതിയെ തിരിച്ചറിഞ്ഞത്. ഹോസ്റ്റലിലെ പീഡനത്തിന് മുൻപ് സമീപത്തെ മൂന്ന് വീടുകളിൽ ഇയാൾ മോഷണശ്രമം നടത്തിയിരുന്നു.

സിസിടിവിയിൽ വരാതിരിക്കാൻ സമീപത്തെ ഒരു വീട്ടിൽ നിന്ന് കുടയെടുത്ത് മുഖംമറച്ചായിരുന്നു ഹോസ്റ്റലിൽ ഇയാൾ കയറിയത്. ഒരു വീട്ടിൽനിന്ന് തൊപ്പിയും മറ്റൊരു വീട്ടിൽനിന്ന് ഹെഡ്ഫോണും പ്രതി എടുത്തു. കേരള പോലീസിന്റെ ഊർജിതമായ അന്വേഷണത്തിലൂടെയാണ് പ്രതിയെ പിടികൂടാൻ സാധിച്ചത്. പോലീസ് പിന്തുടർന്ന് അടുത്തെത്തിയപ്പോൾ കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന ബെഞ്ചമിൻ ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. പോലീസ് സംഘം സാഹസികമായി പിന്നാലെ ഓടിയാണ് ഇയാളെ പിടികൂടിയത്.







